# Telephonic conversation between Prime Minister and President of the European Council

May 07, 2020

---

## പ്രധാനമന്ത്രിയും യൂറോപ്യൻ കൗൺസിൽ പ്രസിഡൻറ്റും തമ്മിലുള്ള ടെലിഫോൺ സംഭാഷണം

മെയ് 07, 2020

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി യൂറോപ്യൻ കൗൺസിൽ പ്രസിഡണ്ട് ശ്രീ ചാൾസ് മൈക്കിളുമായി ഇന്ന് ടെലിഫോൺ സംഭാഷണം നടത്തി.

ഇന്ത്യയിലും യൂറോപ്യൻ യൂണിയനിലുമായി കോവിഡ് -19 പകർച്ചവ്യാധിയുടെ സാഹചര്യവും പ്രതികരണങ്ങളും ഇരു നേതാക്കളും ചർച്ച ചെയ്തു .അത്യാവശ്യ മരുന്നുകളുടെ വിതരണം ഉറപ്പാക്കുന്നതുൾപ്പടെ, പകർച്ചവ്യാധി സമയത്തുള്ള പരസ്പര സഹകരണം അവർ അഭിനന്ദിച്ചു.

കോവിഡ്-19 ന്റെ ആരോഗ്യ സമാപതിക പ്രത്യാഘാതങ്ങൾ കാര്യക്ഷമമായി നേരിടുന്നതിന് പ്രാദേശികവും ആഗോളവുമായ സഹകരണത്തിന്റെ പ്രാധാന്യം നേതാക്കൾ തിരിച്ചറിഞ്ഞു.

ഇന്ത്യ -യൂറോപ്യൻ യൂണിയൻ നയതന്ത്ര പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനായുള്ള തങ്ങളുടെ പ്രതിബദ്ധത നേതാക്കൾ ഉറപ്പു നൽകി. അടുത്ത ഇന്ത്യ യൂറോപ്യൻ യൂണിയൻ ഉച്ചകോടിയ്ക്കായി പ്രാധാന്യമുള്ള ഒരു അജണ്ട തയാറാക്കുന്നതിന് തങ്ങളുടെ ഉദ്യോഗസ്ഥർ ഒരുമിച്ചു പ്രവർത്തിക്കുന്നതാണെന്നു അവർ സമ്മതിച്ചു.
നടന്നു കൊണ്ടിരിക്കുന്ന പ്രതിസന്ധിയുടെ വ്യത്യസ്ത ഘട്ടങ്ങളിലും കോവിഡിന് ശേഷമുള്ള സാഹചര്യത്തിലും സമ്പർക്കത്തിൽ തുടരുന്നതിനു നേതാക്കൾ സമ്മതിച്ചു.

**ന്യൂ ഡൽഹി**
**07 മെയ്, 2020**

**DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.**